Deshabhimani-25-05-2018-P-13

# ജൈവ വൈവിധ്യ സംരക്ഷണ കേന്ദ്രം ഉദ്ഘാടനവും പുതിയ വിളയിനങ്ങളുടെ പ്രകാശനവും നാളെ

സ്വന്തം ലേഖകൻ

**തൃശൂർ**

കാർഷിക സർവകലാശാലയിൽ കാർഷിക ജൈവ വൈവിധ്യ സംരക്ഷണകേന്ദ്രത്തിന്റെ ഉദ്ഘാടനവും കാർഷിക സർവകലാശാല വികസിപ്പിച്ച 23 പുതിയ വിളയിനങ്ങളുടെ പ്രകാശനവും ശനിയാഴ്ച മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും.

സർവകലാശാല സെൻട്രൽ ഓഡിറ്റോറിയത്തിൽ പകൽ 12നാണ് ഉദ്ഘാടനം നിർവഹിക്കുകയെന്ന് മന്ത്രി വി എസ് സുനിൽകുമാർ വാർത്താസമ്മേളനത്തിൽ പറഞ്ഞു. സംസ്ഥാന കാർഷിക വികസന, കർഷക ക്ഷേമ വകുപ്പും കാർഷിക സർവകലാശാലയും സംയുക്തമായി സർവകലാശാലാ അങ്കണത്തിലാണ് കാർഷിക ജൈവ വൈവിധ്യ സംരക്ഷണകേന്ദ്രം സ്ഥാപിക്കുന്നത്. ആറ് നെല്ലിനങ്ങൾ ഉൾപ്പെടെ 23 വിളയിനങ്ങളാണ് പുറത്തിറക്കുന്നത്. കാലാവസ്ഥ വ്യതിയാനത്തെ മറികടക്കാൻ കഴിയുന്ന പൗർണമി, മനുരത്ന, ലാവണ്യ, ജ്യോത്സന, സുപ്രിയ, അക്ഷയ എന്നീ നെല്ലിനങ്ങളാണ് പുറത്തിറക്കുന്നത്. പുതിയ ഇനങ്ങൾ കൂടി പുറത്തിറക്കുമ്പോൾ കാർഷിക സർവകലാശാല പുറത്തിറക്കിയ വിളയിനങ്ങളുടെ എണ്ണം 331 ആകും.

> **ഉദ്ഘാടനം മുഖ്യമന്ത്രി നിർവഹിക്കും**
>
> ■ ആറ് നെല്ലിനങ്ങൾ ഉൾപ്പെടെ 23 വിളയിനങ്ങളാണ് പുറത്തിറക്കുന്നത്
>
> ■ വീടുകളിലും മറ്റുമുള്ള ചെറുകിട പച്ചക്കറി കൃഷി ഇരട്ടിയാക്കാൻ കൃഷിവകുപ്പ് ഒരു കോടി പച്ചക്കറി വിത്ത് പാക്കറ്റുകൾ വിതരണം ചെയ്യും

കർഷകന്റേതായ പരമ്പരാഗത നെൽവിത്തുകൾ സർക്കാർ സംരക്ഷിക്കും. ഇതര സംസ്ഥാനങ്ങളിൽനിന്ന് വരുന്ന ഫലങ്ങളിലും പച്ചക്കറികളിലും പുതിയതരം കീടനാശിനികൾ വ്യാപകമായി കാണുന്നുണ്ട്. ഇത് തടയാൻ എൻഫോഴ്സ്മെന്റ് വിഭാഗം കാര്യക്ഷമമാക്കും. വളവും കീടനാശിനിയും വിൽക്കുന്ന സ്ഥാപനങ്ങൾക്ക് ഒരു വർഷത്തെ ഡിപ്ലോമ കോഴ്സ് വിജയിച്ചവരുടെ പേരിലാവും ലൈസൻസ് നൽകുക. കാർഷിക സർവകലാശാല ഒരു വർഷത്തെ ഡിപ്ലോമ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്. ഘട്ടംഘട്ടമായി കടകളുടെ ലൈസൻസിന് യോഗ്യത നിർബന്ധമാക്കും.

വീടുകളിലും മറ്റുമുള്ള ചെറുകിട പച്ചക്കറി കൃഷി ഇരട്ടിയാക്കും. ഇതിനായി കൃഷിവകുപ്പ് ഒരു കോടി പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ വിതരണം ചെയ്യുമെന്നും മന്ത്രി പറഞ്ഞു.

വൈസ് ചാൻസലർ ഡോ. ആർ ചന്ദ്രബാബു, കെ രാജൻ എംഎൽഎ എന്നിവരും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.